# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5931**

**08.07.2013 - ൽ മറുപടിക്ക്**

### സമുദ്ര നിരപ്പിന് താഴെയുള്ള കൃഷി

ചോദ്യം

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. പി.കെ. ബഷീർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

മറുപടി

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**എ)** സമുദ്രനിരപ്പിനു താഴെയുള്ള കൃഷി സംബന്ധിച്ച് ഒരു അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനായുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**എ)** സമുദ്രനിരപ്പിനു താഴെയുള്ള കൃഷി സംബന്ധിച്ച് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല.

**ബി)** സംസ്ഥാനത്ത് സമുദ്ര നിരപ്പിന് താഴെ കൃഷി ഭൂമിയുള്ള ജില്ലകൾ ഏതൊക്കെയാണ്; ഇവിടം കൃഷിക്ക് ഉപയുക്തമാക്കുന്നതിന് സ്വീകരിച്ചിരുന്ന പരമ്പരാഗത സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ; പരമ്പരാഗത സംവിധാനത്തിൽ എന്തെങ്കിലും മാറ്റം ഉദ്ദേശിക്കുന്നുണ്ടോ ?

**ബി)** സംസ്ഥാനത്ത് സമുദ്ര നിരപ്പിന് താഴെ കൃഷിഭൂമിയുള്ള രണ്ടുമേഖലകളാണ് പ്രധാനമായും ഉള്ളത്.

1) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കുട്ടനാട് പ്രദേശവും.
2) തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളും.

ഇവിടം കൃഷിക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടി കൃഷിസമയത്ത് പാടശേഖരങ്ങളിലെ വെള്ളം പമ്പുകളുപയോഗിച്ച് കനാൽ നെറ്റ് വർക്കുകളിൽ ഒഴുക്കി നിലം വറ്റിച്ച് കൃഷി ചെയ്യുകയാണ് പതിവ്. വെള്ളം വറ്റിക്കുന്നതിനുള്ള പമ്പുകളുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള ഗവേഷണം തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ